HON'BLE MR. N. KUNJURAMAN : വായിക്കാം.

ക.	ഹിന്ദുക്കൾ.		
	ബ്രാഹ്മണർ	ക ൦	
	നായർ	ന്യ	
	ഈഴവർ	ക	
	വെള്ളാളർ	ക	
	നാടാർ	ക	
	മറ്റുഹിന്ദുക്കൾ	ക	(മുത്തത്ത്)
ഖ.	മഹമ്മദീയർ	ഖ	
ന.	ക്രസ്ത്യാനികൾ.		
	ആംഗ്ലിക്കൻ	ഖ	
	എസ്. ഐ. യു. സി.	ഖ	
	ജാക്കബൈറ്റ്	ഖ	
	മാർത്തോമാ	ർ	
	സിറിയൻകാത്തലിക്ക്	ക	
	ആകെ	ന്ന	

ശംഖുംമുഖം കടൽപ്പാലം പണി.

*592. MR. THARIATHU KUNJITHOMMAN : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

കേട്ടുവന്നുപോയ ശംഖുംമുഖം കടൽപ്പാലം തീർപ്പു പണിയുന്നതിന് ഗവണ്മെൻറിൽനിന്നും എസ്റ്റിമേറു തയാറാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര രൂപായുടെ എസ്റ്റിമേറാണ് തയാറാക്കിയിട്ടുള്ളതെന്ന് ദയവുചെയ്തു പ്രസ്താവിക്കുമോ?

HON'BLE MR. T. K NARAYANA PILLAI : കേട്ടുവന്നുപോയ ശംഖുംമുഖം കടൽപ്പാലം പണിയുന്നതിന് ഗവണ്മെൻറിൻെറ നിർദ്ദേശപ്രകാരം ചീഫ് ഇൻജിനീയർ എസ്റ്റിമേറു തയാറാക്കുന്നുണ്ട്. എസ്റ്റിമേറു് പൂർത്തിയായിട്ടില്ലാത്തതിനാൽ അതു് എത്ര രൂപായുടേതെന്ന് ക്ലിപ്തമായി പറയുവാൻ നിർവാഹമില്ല. പാലം പുതുക്കിപ്പണിയുന്നതിനു് ഏകദേശം ക ഒ ലക്ഷത്തിനും ന ൦ ലക്ഷത്തിനും മദ്ധ്യേയുള്ള ഒരു ചെലവായേക്കാൻ ഇടയുണ്ടു്.

MR. THARIATHU KUNJITHOMMAN : ഉടൻതന്നെ ആ പാലം പണിയണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR T. K. NARAYANA PILLAI : കഴിയുന്നതും വേഗത്തിൽ പണിയിക്കണമെന്നാണ് ഗവണ്മെൻറിന്റെ ഉദ്ദേശം.

MRS. DEVAKI GOPIDAS : ഇതിന്റെ നഷ്ടപരിഹാരം സ്റ്റീമർ കമ്പനിക്കാർ തരുകയില്ലേ?

HON'BLE MR. T. K. NARAYANA PILLAI : അതു് നിയമപരമായ ഒരു ചോദ്യമാണ്. ഏതു നിലയിലാണ് അപകടം ഉണ്ടായതെന്നും അപകടത്തിന് ഉത്തരവാദികളാരെന്നും അപകടം ഉണ്ടായതു ക്യാപ്റ്റന്റെ അശ്രദ്ധ മൂലമാണോ എന്നുള്ളതിനേയും ആശ്രയിച്ചാണതു് തീരുമാനിക്കേണ്ടിയിരിക്കുന്നതു്.

MR. ABDUL MAJID (*Chirayinkil III—Muslim*) : ആ പാലം തകർന്നു പോയതുകൊണ്ടു് അവിടെ വളരെ ആളുകൾക്ക് തൊഴിലില്ലാതെ പോയിട്ടുണ്ടെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : അറിയാം.

MR. ABUL MAJID : അവർക്ക് തൊഴിലുണ്ടാക്കിക്കൊടുക്കാൻ എന്തെങ്കിലും പദ്ധതി സ്വീകരിച്ചിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : താൽക്കാലികമായി ചില ആശ്വാസനടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ന്യായവില ഡിപ്പോകൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി അന്വേഷിക്കുന്നതിന് ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന് കൂടെ മുമ്പേതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

MR. M. O. CHERIAN : ആ പാലം ഇൻഷ്വർ ചെയ്തിട്ടുണ്ടായിരുന്നോ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല.

MR. K. P. NILAKANTA PILLAI : എന്തു പാലത്തെപ്പറ്റിയാണ് ഇവിടെ പറയുന്നതെന്നു അറിഞ്ഞാൽ കൊള്ളാം.

HON'BLE MR. T. K. NARAYANA PILLAI : ചോദ്യം വായിച്ചാൽ മനസ്സിലാകുന്നതാണ്.

MR. K. P. NILACANTA PILLAI : ശംഖുമുഖം പാലത്തെപ്പറ്റിയാണോ ചോദ്യം. ശംഖുമുഖത്തു പാലം ഇല്ലെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : പാലം വലിയതാണെന്നു ബഹുമാനപ്പെട്ട മെമ്പർക്കു തന്നെ അറിയാവുന്നതാണല്ലോ.

MR. ABDUL AZIZ : പാലം പണി എന്നു പൂർത്തിയാകുമെന്നു ഉദ്ദേശമായിട്ടെങ്കിലും പറയാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : എസ്റ്റിമേറു പുത്തിയായതിനുശേഷം എന്തു തുക ചെലവുവരുന്നുവെന്നു നോക്കി അടുത്ത ബഡ്ജറിൽ തന്നെ തുക കൊള്ളിക്കാൻ സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യുന്നതാണ്.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : പാലത്തിന് കേടുസംഭവിച്ചതിന്റെ നഷ്ടപരിഹാരം ഈടാക്കുന്നതിനു് ഗവണ്മെൻറു് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : നഷ്ടപരിഹാരത്തിനായി പ്രത്യേകം സിവിൽ വ്യവഹാരമൊന്നും കൊടുത്തിട്ടില്ല. എന്നാൽ ഒരു ക്രിമിനൽ വ്യവഹാരം കൊടുത്തു കുപ്പിത്താനെ ഇപ്പോൾ കമ്മിറു ചെയ്തിരിക്കുകയാണ്.

MR. MOHAMMED MUSTAFA : നാലു ലക്ഷം രൂപായുടെ നഷ്ടം സംഭവിച്ചിരിക്കെ അതിനു പരിഹാരം കിട്ടുന്നതിനുവേണ്ടി ഗവണ്മെൻറു് എന്തെങ്കിലും നിയമപരമായ നടപടികൾ എടുക്കാതിരിക്കുന്നതു ശരിയാണോ?

HON'BLE MR. T. K. NARAYANA PILLAI : നിയമപരമായ നടപടികൾ എടുക്കുന്നതിനെ സംബന്ധിച്ചു് ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലെ ഒരു കേസ് കൽക്കട്ടായിൽ ഉണ്ടായിട്ടുണ്ടു്. അതു ക്യാപ്റ്റന്റെ അശ്രദ്ധ കൊണ്ടാണെന്നു കണ്ടു ക്യാപ്റ്റനെ ശിക്ഷിച്ചിട്ടുള്ളതായി ഗവണ്മെൻറിനു് അറിയാം.

MR. EAPPAN ARAKKAL : കമ്പനിയിൽനിന്നും നഷ്ടപരിഹാരം ചെയ്യണമെന്നു് ഗവണ്മെൻറു് ആ വശ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതിനു പ്രാരംഭമായി സാൽവേജു് എന്നൊരു നടപടിയുണ്ടു്. അതു നടത്തിക്കൊണ്ടിരിക്കുകയാണ്.

The All Travancore Library Association.

*593. MR. N. DANIEL JOSE (*Neyyattinkara III—S. I. U. C.*) : Will the Honourable Minister for Education be pleased to state :

(*a*) whether the grant paid to the All Travancore Library Association has been increased recently ;

(*b*) if so, what was the necessity for so doing ; and

(*c*) what is the nature of the work carried on by this Association ?

LIBRARY ARCHIVES Kerala Legislative Assembly